പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1694

13.7.2011-ലെ മറുപടിയ്ക്ക്

**തുറവൂരിലെ വ്യവസായ പാർക്ക്**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എ.എം ആരിഫ് | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിലെ തുറവൂരിൽ വ്യവസായ പാർക്കിനായി 125 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ആലപ്പുഴ ജില്ലയിലെ തുറവൂരിൽ വ്യവസായ പാർക്കിനായി 125 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) നിർദ്ദിഷ്ട ഭൂമിയിൽ കുടി ഒഴിപ്പിക്കുന്നവരുടെ എണ്ണം കുറയ്ക്കുന്നതിനായി അത് 100 ഏക്കറായി പരിമിതപ്പെടുത്തികൊണ്ട് ഭൂമി നഷ്ടപ്പെടുന്നവർക്ക് സർക്കാരിന്റെ പുതിയ നയം അനുസരിച്ചുള്ള ഏതെല്ലാം ആനുകൂല്യങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി)ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ രണ്ട് മീറ്റിംഗുകൾ നടത്തിയിരുന്നു. എന്നാൽ തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.<br>വ്യവസായ ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക നയം പുതുതായി രൂപീകരിച്ചിട്ടില്ല. |
| (സി) സിൽക്കിന്റെ തുറവൂർ യൂണിറ്റ് ഫ്രണ്ടേജായി ലഭിക്കുന്ന നിലയിലുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽപ്പെടുത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ